**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 389** **19-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ഫലപ്രദമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനം പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാണ് പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് ടി വിഭാഗങ്ങൾക്ക് അവബോധം നൽകുന്നതിനായി പട്ടികജാതി പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിലെ താഴെ തട്ടിലുള്ളവരുടെ ഇടയിൽ പ്രവർത്തിച്ച് അവരുമായി ആശയവിനിമയം നടത്തുന്നതിന് പട്ടികജാതി പ്രൊമോട്ടർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പ ട്ടികജാതി വിഭാഗങ്ങൾക്കായി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ ഫീൽഡ് തല പ്രയോജന ക്ഷമത പരിശോധിക്കുന്നതിനും ദുർബല പുനരധിവാസ പദ്ധതിയുടെ മൈക്രോ പ്ലാനിംഗ് ഉൾപ്പെടെയുള്ള വികസന പദ്ധതികളുടെ പ്രവർത്തനത്തിനും മറ്റുമായി 60 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരെ നിയമിച്ചു കൊണ്ട് 20.06.2022 തീയതിയിലെ സ.ഉ.(സാധാ)നം. 671/2022/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. സാമൂഹ്യമാധ്യമങ്ങൾ വഴി ക്ഷേമ പദ്ധതികളുടെ വിവരം പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ വെബ് സൈറ്റിൽ പദ്ധതികളുടെ വിവരം ഉൾപ്പെടുത്തിയിട്ടുമുണ്ട്.<br><br>പട്ടികജാതി വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും സാമ്പത്തിക ഉന്നമനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്നതിനായി ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ബ്ലോക്ക് തലത്തിലും സത്വര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പദ്ധതികളുടെ കാര്യക്ഷമവും ഫലപ്രദവുമായ നിർവഹണം ഉറപ്പാക്കുന്നതിന് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും, സെക്രട്ടേറിയറ്റ് തലത്തിലും സംസ്ഥാനതല പ്രതിമാസ പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നു. കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ ജില്ലാ ഓഫീസർമാരുടെ ജില്ലാതല അവലോകനം, ജില്ലാതലത്തിൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരുടെ പദ്ധതി/ സ്കീമുകൾ പ്രവർത്തനങ്ങളുടെ വിലയിരുത്തലും ഓരോ മാസവും നടത്തി വരുന്നുണ്ട്. ഇത്തരത്തിൽ പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ഫലപ്രദമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ഫലപ്രദമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>പട്ടികവർഗ വിഭാഗങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ, ആയതിലേക്കായി നീക്കിവച്ചിരിക്കുന്ന തുക ഉപയോഗപ്പെടുത്തി കൃത്യമായി സംസ്ഥാനത്തുടനീളം പട്ടിക വർഗക്കാർ അധിവസിക്കുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗക്കാരുടെ ക്ഷേമ, വികസന പദ്ധതികൾ എല്ലാ വർഷവും തയ്യാറാക്കുന്നത് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാരുമായി ചർച്ച ചെയ്താണ്. ജില്ലാ ഓഫീസർമാർ ബന്ധപ്പെട്ട ഊരുകൂട്ടങ്ങളുമായി നിരന്തരം കൂടിയാലോചനകൾ നടത്തുന്നതിനാൽ ഈ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് അവബോധം ഉണ്ടായിരിക്കുന്നതാണ്. പട്ടിക വർഗ വികസന വകുപ്പ് ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. ഇത്തരം വേദികളിൽ നിന്നും ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്താണ് പദ്ധതികൾ തയ്യാറാക്കുന്നത്. കൂടാതെ വകുപ്പിൽ എഞ്ചിനീയർമാരുടെയും ആരോഗ്യ മേഖലയിലെ വിദഗ്ധരുടെയും സേവനം ലഭ്യമായതിനാൽ അവരുടെ നിർദ്ദേശങ്ങൾ കൂടി പദ്ധതികൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കാറുണ്ട്. കൂടാതെ വകുപ്പിന്റെ പ്രധാന പദ്ധതികളായ ഇ-ഗ്രാന്റ്സ്, ചികിത്സ സഹായം, വിദേശ പഠന സ്കോളർഷിപ്പ് തുടങ്ങിയവ ഓൺലൈനായാണ് അനുവദിക്കുന്നത്. ഇതു കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നു. |

| | | | |
|---|---|---|---|
| (ബി) | പദ്ധതി വിനിയോഗത്തിലെ കുറവ് കണ്ടെത്തി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തപ്പെടുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു വരുന്നു. വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റ് വിഭാഗം പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന എല്ലാ ക്ഷേമ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. പദ്ധതി നിർവഹണ പുരോഗതി കൈവരിക്കാത്ത സ്കീമുകൾ പ്രത്യേകം അവലോകനം ചെയ്യുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട് . കൂടാതെ, ജില്ലാ തലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട് . പദ്ധതികളുടെ കാര്യക്ഷമവും, സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ നിയമസഭാ നിയോജ മണ്ഡലാടിസ്ഥാനത്തിൽ 20.05.2022 തീയതിയിലെ സ.ഉ.(കൈ)നം.24/2022/SCSTDD ഉത്തരവ് പ്രകാരം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് . കൂടാതെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 28/09/2021 ലെ സ.ഉ.(എം. എസ് )11/2021/ പ്ലാനിംഗ് ഉത്തരവ് പ്രകാരം എസ് . സി/എസ് . ടി ഫണ്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായുള്ള ജില്ലാതല കമ്മിറ്റി പുന:സംഘടിപ്പിച്ച് ഉത്തരവാകുകയും ടി കമ്മറ്റി മുഖേന പട്ടികജാതി വികസന പദ്ധതി പ്രൊജക്ടുകൾ പ്രത്യേകം വിലയിരുത്തുകയും, നിർഹണം ത്വരിതഗതിയിലാക്കുന്നതിനുള്ള തുടർ നടപടികളും സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗക്കാരുടെ പദ്ധതി വിനിയോഗത്തിലെ കുറവ് കണ്ടെത്തി പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. പട്ടിക വർഗ്ഗ വിഭാഗക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ നീതി പൂർവ്വവും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിനും ഗുണഭോക്താക്കൾക്ക് ഫണ്ട് അക്കൗണ്ടിൽ ലഭ്യമാക്കുന്ന സംവിധാനം ഏർപ്പെടുത്തി വരുന്നു . |

| | | | | |
|---|---|---|---|---|
| | | | | 2. 26.07.2024 മുതൽ വിവിധ ജില്ലകളിലായി ജില്ലാതല അവലോകന യോഗങ്ങൾ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ ജില്ലകളുടെ രണ്ടാം ഘട്ട ജില്ലാതല അവലോകന യോഗങ്ങൾ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു.<br>3. ഊരുകൂട്ടങ്ങൾ യഥാസമയം ചേർന്ന് ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട് .<br>4. ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.<br>5. പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ട സേവനങ്ങൾ ഓൺലൈൻ മുഖാന്തിരമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു .<br>6. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികൾക്കായി യഥാസമയം അപേക്ഷകൾ സമർപ്പിക്കുവാൻ കഴിയുന്നുണ്ട് . |

സെക്ഷൻ ഓഫീസർ